നാല് വർഷം കൊണ്ട് കൺസഷനയർ ഈ പദ്ധതി കരാർ പ്രകാരം പൂർത്തിയാക്കുവാൻ സർക്കാരിന്റെ ഭാഗത്തുനിന്നും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കരാർ വ്യവസ്ഥ പ്രകാരമുള്ള സർക്കാർ കാര്യങ്ങൾ ചെയ്യുന്നതിനും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി കരാർ വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു ഓഡിറ്ററേയും ഇൻഡിപെൻഡന്റ് എഞ്ചിനീയറെയും നിയമിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

178 (186) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശത്ത്നിന്നും തൊഴിലും പാർപ്പിടവും മറ്റ ജീവിതമാർഗ്ഗങ്ങളും ഉപേക്ഷിച്ച് ഒഴിഞ്ഞുപോകേണ്ടി വരുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ചും അവരുടെ പുനരധിവാസം സംബന്ധിച്ചും ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) നിർദ്ദിഷ്ട പദ്ധതിയുടെ കവാടമായി കരുതപ്പെടുന്ന മുല്ലൂരിലും പരിസര പ്രദേശങ്ങളിലുമുള്ള കട്ടമരത്തിൽ പോയി മൽസ്യബന്ധനം നടത്തുന്ന തൊഴിലാളികളുടെ കാര്യത്തിലും കടലിൽ മുങ്ങി പാറയിടുക്കിൽ നിന്നും ചിപ്പിയും, ശംഖും, കല്ലുറാളും മറ്റും ശേഖരിക്കുന്ന തൊഴിലാളികളുടെ കാര്യത്തിലും അവ ചന്തയിൽ കൊണ്ടുപോയി വിൽക്കുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ കാര്യത്തിലും, ചെറുകിട കച്ചവടക്കാരുടെയും, തല ചുമടായിനടന്ന് കച്ചവടം നടത്തുന്നവരുടെ കാര്യത്തിലും അവിടെ പ്രവർത്തിക്കുന്ന കുടുംബശ്രീകളുടെ കാര്യത്തിലും, അലക്കു തൊഴിലാളികളുടെ കാര്യത്തിലും, കർഷകരുടെയും കർഷക തൊഴിലാളികളുടെയും കാര്യത്തിലും ഒരു സമഗ്രമായ പാക്കേജിന് രൂപം നൽകി പ്രഖ്യാപിക്കാൻ നാളിതുവരെ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്ന വസ്തുത കണക്കിലെടുത്ത് ഇത് സംബന്ധിച്ച് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പരാതികളിന്മേൽ ഇതിനകം എന്ത് നടപടി സ്വീകരിച്ചുവെന്നും ഇനി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിഴിഞ്ഞം ഇറമുഖ വികസനവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരവും പുനരധിവാസവും ആവശ്യമായി വരുന്നത് രണ്ടു വിഭാഗങ്ങൾക്കാണ്.

1. സ്ഥലവും വീടും നഷ്ടപ്പെടുന്നവർ

2. തൊഴിൽ ബാധിക്കുന്നവർ

1. സ്ഥലവും വീടും നഷ്ടപ്പെടുന്നവർ :

വീട് ഉൾപ്പെടുന്ന സ്ഥലം ഏറ്റെടുത്തതുമൂലം ഇതുവരെ 67 കുടുംബങ്ങൾക്കാണ് പുനരധിവാസം ആവശ്യമായി വന്നത്. ഇവരെ പൂർണ്ണമായും പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇവരുടെ വസ്തുവിന്റെയും മറ്റു സ്ഥാവരജംഗമ വസ്തുക്കളുടെയും വിലയ്ക്കു പുറമെ പുനരധിവാസത്തിനായി 5 സെന്റ് വസ്തു സൗജന്യമായി നൽകുകയും കൂടാതെ ഏറ്റെടുത്ത വീടുകളുടെ പഴക്കം കണക്കാക്കാതെ നിലവിലെ വിലയുടെ ഒന്നരയിരട്ടിയും പുനരധിവാസത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. ഇതിനുപുറമെ ആറു മാസം പുനരധിവാസ കാലയളവായി കണക്കാക്കി ഒരു കുടുംബത്തിന് പ്രസ്തുത കാലയളവിലെ വീട്ടുവാടകയും (3250 രൂപ X 6 മാസം = 19500) Hardship Allowance-ഉം (3000 രൂപ X 6 മാസം = 18000) നൽകിയിട്ടുണ്ട്. ഇങ്ങനെ മൊത്തം 67 കുടുംബങ്ങൾക്കായി പുനരധിവാസത്തിനായി സൗജന്യമായി വസ്തു നൽകിയ ഇനത്തിൽ ഏകദേശം 11.39 കോടി രൂപയും വാടകയുടെയും Hardship Allowance-ന്റെയും ഇനത്തിൽ ഏകദേശം 25 ലക്ഷത്തിലധികം രൂപയും നൽകിയിട്ടുണ്ട്.

2. തൊഴിൽ ബാധിക്കുന്നവർ :

ഇറമുഖവികസനംമൂലം പദ്ധതി പ്രദേശത്ത് തൊഴിൽ ബാധിക്കുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ 5 അംഗ Livelihood Impact Apprisal (LIAC) കമ്മിറ്റിയും അതിന്മേലുയരുന്ന പരാതികൾ പരിഗണിയ്ക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്മേൽ 18800 ലധികം പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു. പദ്ധതിയുടെ നിർമ്മാണ ആരംഭത്തിനു മുൻപുതന്നെ LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാക്കി നഷ്ടപരിഹാരവും പുനരധിവാസവും നൽകുവാനാണ് ലക്ഷ്യമിടുന്നത്.

(ബി&സി) പദ്ധതിയുടെ വികസനവുമായി ബന്ധപ്പെട്ട് തൊഴിൽ ബാധിക്കുന്ന വിവിധ വിഭാഗങ്ങളെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിർദ്ദേശിക്കുന്നതിനുമായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ 5 അംഗ LIAC കമ്മിറ്റിയും അതിനുമേലുയരുന്ന പരാതികൾ പരിഗണിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായ 5 അംഗ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിനുമേൽ 18800 ലധികം പരാതികൾ ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികൾ വിവിധ വിഭാഗങ്ങളായി തിരിച്ച് LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു.

പദ്ധതിയുടെ നിർമ്മാണ ആരംഭത്തിനു മുൻപുതന്നെ LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാക്കി പദ്ധതി നേരിട്ട് ഉടനെ ബാധിക്കുന്ന ചിപ്പി തൊഴിലാളികളുടെയും കമ്പവലക്കാരുടെയും നഷ്ടപരിഹാരവും പുനരധിവാസവും നൽകുവാനാണ് ലക്ഷ്യമിടുന്നത്. ഇതു കഴിഞ്ഞാലുടൻ അപ്പീൽ കമ്മിറ്റിക്ക് ലഭിച്ചിട്ടുള്ള മറ്റെല്ലാ പരാതികളും പരിഗണിക്കുന്നതാണ്.

മേൽപ്പറഞ്ഞവയ്ക്കു പുറമേ വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ സമീപ പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആഴക്കടൽ മത്സ്യബന്ധന സംവിധാനം ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീകളുടെ പുരോഗതി, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം, തീരമേഖലയിലെ ഭവന പദ്ധതികൾ എന്നിവ ഉൾപ്പെടെ 475 കോടി രൂപ 5 വർഷം കൊണ്ട് വിനിയോഗിക്കുന്ന ഒരു പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

വിഴിഞ്ഞം ഇറമുഖ പദ്ധതി

179 (187) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കുള്ള ആശങ്ക പരിഹരിക്കുന്നതിന് മത്സ്യത്തൊഴിലാളി മേഖലയിലെ സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി 19-8-2015-ൽ നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) എതെല്ലാം സംഘടനകളെ യോഗത്തിന് വിളിച്ചിട്ടുണ്ടായിരുന്നു ; പങ്കെടുത്തവർ ആരൊക്കെ ; യോഗ തീരുമാനങ്ങൾ അടങ്ങുന്ന മിനിട്സിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly